"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - അച്ചടിവകുപ്പിന്റെ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിന് അഡ്വാൻസായി തുക അനുവദിച്ച നടപടി - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.130/2025/PPAD തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-
1. അച്ചടി വകുപ്പ് ഡയറക്ടറുടെ 11.08.2025 തീയതിയിലെ PTGD/989/2025-G7 നമ്പർ കത്ത്
2. ഗവ. പ്രസ്സുകളുടെ സൂപ്രണ്ട് ഇൻ ചാർജ്ജിന്റെ 02.08.2025-ലെ PTGD/989/2025-ജി7 നമ്പർ നടപടിക്രമം.

**ഉത്തരവ്**

അച്ചടി വകുപ്പിലെ കണ്ണൂർ, കോഴിക്കോട്, വയനാട് ഫോറം സ്റ്റോറുകളിൽ ഫോറം ഐറ്റംസ് വിതരണത്തിനായി, വകുപ്പിന്റെ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിന് വാഹനങ്ങളുടെ കൺട്രോളിങ് ഓഫീസർ കൂടിയായ ഡെപ്യൂട്ടി സൂപ്രണ്ട് (എസ് &എസ്) - അപേക്ഷ പ്രകാരം പതിനായിരം രൂപ 2058-സ്റ്റേഷനറി & പ്രിന്റിംഗ് - 00-103-99-45 POL (NV) എന്ന ശീർഷകത്തിൽ നിന്നും അഡ്വാൻസായി അനുവദിച്ചുവെന്നും വിവിധ ഫോറം സ്റ്റോറുകളിൽ ഫോംസ് ഐറ്റംസിന്റെ ലഭ്യതക്കുറവ് ടി ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിലാണ് ഗവ.സെൻട്രൽ പ്രസ്സിലെ വാഹനത്തിൽ മണ്ണന്തല ഫോറം സ്റ്റോറിൽ നിന്നും വിവിധ ഫോറം ഓഫീസുകളിലേയ്ക്ക് ആവശ്യമുള്ള സാധനങ്ങൾ എത്തിക്കുന്നതിനായി ഇത്തരത്തിൽ അഡ്വാൻസ് തുക അനുവദിക്കേണ്ടിവന്നെതെന്നും ആയത് സാധൂകരിച്ച് നൽകണമെന്നും അച്ചടിവകുപ്പ് ഡയറക്ടർ പരാമർശം(1) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പിലെ കണ്ണൂർ, കോഴിക്കോട്, വയനാട് ഫോറം സ്റ്റോറുകളിൽ ഫോറം ഐറ്റംസ് വിതരണം ചെയ്യുന്നതിലേയ്ക്ക് വകുപ്പ് വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിന് 10,000/- രൂപ (പതിനായിരം രൂപ മാത്രം) 2058-സ്റ്റേഷനറി & പ്രിൻ്റിംഗ് - 00-103-99-45 POL (NV) എന്ന ശീർഷകത്തിൽ നിന്നും അഡ്വാൻസായി അനുവദിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. ഇൻമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി. ആർ. ഡി
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Seetha K M
Date: 19-12-2025 12:33:26
സെക്ഷൻ ഓഫീസർ